വനിതാ ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ
സാന്നിദ്ധ്യം : അനുപമ റ്റി.വി. ഐ.എ.എസ്

ഉത്തരവ് നം:ICDS/B6-7777/2021 തീയതി: 16.08.2021

വിഷയം:-വനിതാ ശിശു വികസന വകുപ്പ്- ഐ.സി.ഡി.എസ് -അങ്കണവാടി ഹെൽപ്പർമാർക്ക് അങ്കണവാടി സെന്ററുകളുടെ ശരിയായ നടത്തിപ്പ്- പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ Performance Linked Incentive- അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-1. കേന്ദ്ര വനിതാ - ശിശു വികസന മന്ത്രാലയത്തിന്റെ 20.09.2018 ലെ 11-36/2016 -CD- I നമ്പർ കത്ത്
2. സ.ഉ (സാ.ധാ) നം.81/2019/സാ.നീ.വ തീയതി 11/02/2019
3. ഈ കാര്യാലയത്തിലെ 06.03.2019 ലെ ICDS/B6-5775/18 നമ്പർ കത്ത്

സംസ്ഥാനത്തെ അങ്കണവാടി വർക്കർമാരുടേയും, മിനി അങ്കണവാടി വർക്കർമാരുടേയും അങ്കണവാടി ഹെൽപ്പർമാരുടേയും, കേന്ദ്ര സർക്കാർ വിഹിതം ഉൾപ്പെടെയുള്ള പ്രതിമാസ ഹോണറേറിയം യഥാക്രമം 12000/- രൂപയും, 11000/- രൂപയും 8000/-രൂപയുമായി പരാമർശം (2) പ്രകാരം വർദ്ധിപ്പിച്ചുകൊണ്ടും അങ്കണവാടി ഹെൽപ്പർമാർക്ക് പ്രതിമാസ ഹോണറേറിയത്തിന് പുറമേ അങ്കണവാടി സെന്ററുകളുടെ ശരിയായ നടത്തിപ്പിന്, ഹെൽപ്പർമാരുടെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം 250/- രൂപ Performance Linked Incentive ഇനത്തിൽ നൽകുവാനും ഉത്തരവായിരുന്നു.

പരാമർശം (3) പ്രകാരം പ്രസ്തുത ഇൻസെന്റീവ് ഒഴികെയുള്ള തുക മാറി നൽകുന്നതിന് അനുമതി നൽകിയിരുന്നു

ഈ സാഹചര്യത്തിൽ അങ്കണവാടി സെന്ററുകളുടെ ശരിയായ നടത്തിപ്പിൽ മെച്ചപ്പെട്ട പ്രകടനം കാഴ്ചവയ്ക്കുന്ന അങ്കണവാടി ഹെൽപ്പർമാർക്ക് പ്രതിമാസം 250/- രൂപ (ഇരുന്നൂറ്റിയൻപത് രൂപ മാത്രം) Performance Linked Incentive ഇനത്തിൽ അനുവദിച്ച് ഉത്തരവാകുന്നു. അങ്കണവാടി ഹെൽപ്പർമാരുടെ കേന്ദ്ര വിഹിതം ഹോണറേറിയത്തോടൊപ്പം ടി തുക കൂടി ഉൾപ്പെടുത്തി 2235-02-102-47-01-5-OA (P) ശീർഷകത്തിൽ നിന്നും 2021 ആഗസ്റ്റ് മാസം മുതൽ ( 2021 ആഗസ്റ്റ് മാസത്തെ ഹോണറേറിയത്തോടൊപ്പം) മാറി നൽകേണ്ടതാണ്.

അങ്കണവാടി ഹെൽപ്പർമാരിൽ നിക്ഷിപ്തമായ ചുമതലകൾ കൂടാതെ, ചുവടെ ചേർക്കുന്ന

1. അടുക്കള, സ്റ്റോക്ക് റൂം, ഫുഡ് കണ്ടെയ്നർ, അടുപ്പം, പാചക പാത്രങ്ങളും എന്നിവയുടെ ശുചിത്വം, ഫുഡ് സ്റ്റോക്കിന്റെ ശുചിത്വം, ചെള്ള്, എലി, പല്ലി, പാറ്റ തുടങ്ങിയ ജീവികൾ ഫുഡ് സ്റ്റോക്കിൽ കടക്കാതെ സൂക്ഷിക്കുക.
2. കൃത്യമായ THRS വിതരണം നടത്തുക
3. പ്രീസ്കൂൾ ഏരിയ, അങ്കണവാടിയിലെ ചാർട്ടുകൾ, പ്രീസ്കൂൾ മെറ്റീരിയൽസ്, കുട്ടികളുടെ കളിക്കോപ്പുകൾ എന്നിവ വൃത്തിയും അടുക്കും ചിട്ടയുമായി സൂക്ഷിക്കുക.
4. അങ്കണവാടിയും, പരിസരവും വൃത്തിയും വെടിപ്പുമായി സൂക്ഷിക്കുക.
5. അങ്കണവാടി ടോയ് ലറ്റ് ശുചിത്വം പാലിക്കുക
6. കുട്ടികൾക്ക് ടോയ് ലറ്റ് ട്രെയിനിംഗ് നൽകുക
7. അലമാര, മേശ, കസേര, ഡെറി, പായ, ബേബി ബെഡ്, മെഡിസിൻ ബോക്സ്, രജിസ്റ്ററുകൾ എന്നിവ വൃത്തിയും അടുക്കും ചിട്ടയുമായി സൂക്ഷിക്കുക.

8. അങ്കണവാടി പ്രവർത്തന സമയം പാലിയ്ക്കുക, പ്രവൃത്തി ദിനങ്ങളിൽ യൂണിഫോം ധരിയ്ക്കുക
9. രോഗ പ്രതിരോധ കുത്തിവയ്പ്പ്, ആരോഗ്യ പരിശോധന, തൂക്കം രേഖപ്പെടുത്തൽ, അങ്കണവാടി സർവേ, ഭവന സന്ദർശനം എന്നിവയിൽ വർക്കറെ സഹായിക്കുക
10. അങ്കണവാടി പ്രീസ്കൂൾ കുട്ടികളെ കൈകാര്യം ചെയ്യുന്നതിൽ വർക്കറെ സഹായിക്കുക, വർക്കറുടെ അഭാവത്തിൽ പ്രീസ്കൂൾ കൈകാര്യം ചെയ്യാനുള്ള കഴിവുണ്ടാകുക
11. അങ്കണവാടിയിൽ ഗുണഭോക്താക്കളെ എത്തിയ്ക്കൽ (പ്രീസ്കൂൾ പഠനം, ECCE മീറ്റിംഗ്, അമ്മമാരുടെ മീറ്റിഗ്, AG മീറ്റിഗ്, സാമൂഹ്യധിഷ്ഠിത പരിപാടികൾ(CBE) ) , പച്ചക്കറിത്തോട്ട നിർമ്മാണം
12. കുട്ടികളോട് സ്നേഹത്തോടെയും, കരുതലോടും പ്രസന്നതയോടും പെരുമാറുക

എന്നിവ കൃത്യമായി പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്

കോവിഡ് പശ്ചാത്തലത്തിൽ അങ്കണവാടി കുട്ടികളെ അങ്കണവാടികളിൽ പ്രവേശിപ്പിക്കാത്തതിനാൽ ടി ആനുകൂല്യം നൽകുമ്പോൾ മേൽ പറഞ്ഞവയിൽ **ക്രമനമ്പർ 1,2,3,4,9** എന്നിവ കൃത്യമായി ചെയ്യുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അങ്കണവാടി ഹെൽപ്പർമാരിൽ നിക്ഷിപ്തമായ ചുമതലകളിൽ വീഴ്ച വരുത്തുന്ന പക്ഷം, സൂപ്പർവൈസർമാരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ നിയമനാധികാരിയായ ശിശു വികസന പദ്ധതി ഓഫീസർക്ക് ഇവരുടെ പ്രസ്തുത ഇൻസെന്റീവ് നിശ്ചിത കാലയളവിലേക്ക് തടഞ്ഞ് വയ്ക്കുകയോ / നൽകാതിരിക്കുകയോ ചെയ്യാവുന്നതാണ്.

(ഒപ്പ്)

വനിതാ ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

പകർപ്പ്

1. സൂപ്രണ്ട് എ സെക്ഷൻ
2. സൂപ്രണ്ട് പ്ലാനിംഗ് സെക്ഷൻ
3. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
4. സ്റ്റോക്ക് ഫയൽ

ഉത്തരവിൻപ്രകാരം

Rahel

സൂപ്രണ്ട്